REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 14-03-2026 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിന് ദിവ്യാംഗരുടെ ശാക്തീകരണം നിർണായകമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.
- അസമിലും പശ്ചിമ ബംഗാളിലുമായി 42,000 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കും.
- സംസ്ഥാനത്ത് പട്ടയഭൂമി മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കാൻ അനുമതി നൽകുന്ന 'കേരള ഭൂപതിവ് ചട്ടങ്ങൾ രൂപീകരിക്കുവാൻ മന്ത്രിസഭാ യോഗത്തിൽ തീരുമാനം.
- സംസ്ഥാനത്ത് പകൽ താപനില ഉയരുന്നു. ഇന്നലെ കണ്ണൂരിൽ രേഖപ്പെടുത്തിയ 38.2 ഡിഗ്രി സെൽഷ്യസ് താപനില.
- ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് ഈസ്റ്റ് ബംഗാളിനെ നേരിടും.

## വാർത്തകൾ വിശദമായി

എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിന് ദിവ്യാംഗരുടെ ശാക്തീകരണം നിർണായകമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. രാഷ്ട്രപതി ഭവനിൽ സംഘടിപ്പിച്ച പർപ്പിൾ ഫെസ്റ്റിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

സമൂഹത്തിലെ ഓരോ വ്യക്തിയും സ്ഥാപനവും ഇതിനായി പരിശ്രമിക്കണമെന്നും രാഷ്ട്രപതി പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്ര

മോദിയുടെ നേതൃത്വത്തിൽ ദിവ്യാഷ കേന്ദ്രം, സുഗമ്യ ഭാരത് അഭിയാൻ തുടങ്ങിയ പദ്ധതികൾ ദിവ്യാംഗർക്ക് ശക്തമായ പിന്തുണ നൽകുന്നവയാണെന്നും രാഷ്ട്രപതി പറഞ്ഞു.

✪✪✪

ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ ഇന്ന് ഹിമാചൽ പ്രദേശ് സന്ദർശിക്കും. കാംഗ്ര ജില്ലയിലെ ധർമ്മശാലയിൽ ഹിമാചൽ പ്രദേശ് കേന്ദ്ര സർവകലാശാലയുടെ 9-ാമത് ബിരുദദാന ചടങ്ങിൽ അദ്ദേഹം പങ്കെടുക്കും. ധർമ്മശാലയിലെ യുദ്ധ സ്മാരകത്തിൽ അദ്ദേഹം ആദരാഞ്ജലി അർപ്പിക്കും.

✪✪✪

അസമിലും പശ്ചിമ ബംഗാളിലുമായി 42,000 കോടിയിലധികം രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് തുടക്കം കുറിക്കും. അസം സന്ദർശനത്തിന്റെ രണ്ടാം ദിവസമായ ഇന്ന് സിൽചാറിൽ 23,550 കോടി രൂപയുടെ പദ്ധതികൾ അദ്ദേഹം രാഷ്ട്രത്തിന് സമർപ്പിക്കും. വടക്കുകിഴക്കൻ ഇന്ത്യയിലെ ആദ്യത്തെ ഗ്രീൻഫീൽഡ് ഹൈസ്പീഡ് കോറിഡോറായ 166 കിലോമീറ്റർ ദൂരം വരുന്ന ഷില്ലോങ് - സിൽചാർ കോറിഡോറിന്റെ ഭൂമിപൂജ പ്രധാനമന്ത്രി നിർവഹിക്കും.

ഉച്ചയോടെ പശ്ചിമ ബംഗാളിലെത്തുന്ന പ്രധാനമന്ത്രി കൊൽക്കത്തയിൽ 18,680 കോടിയുടെ വിവിധ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കും. 16,990 കോടി രൂപയുടെ വിവിധ ദേശീയ പാത പദ്ധതികൾ ,പശ്ചിമ ബംഗാളിലെയും ജാർഖണ്ഡിലെയും NH-19, NH-114 പദ്ധതികൾ, ഖരഗ്പൂർ-മോറെഗ്രാം സാമ്പത്തിക ഇടനാഴി തുടങ്ങിയവ ഇവയിൽ ഉൾപ്പെടും.

ഇന്നലെ അസമിൽ 24,000 കോടി രൂപയുടെ വികസന പദ്ധതികൾക്കും പ്രധാനമന്ത്രി തുടക്കം കുറിച്ചിരുന്നു.

✪✪✪

സംസ്ഥാനത്ത് പട്ടയഭൂമി മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കാൻ അനുമതി നൽകുന്ന 'കേരള ഭൂപതിവ് ചട്ടങ്ങൾ 2026 രൂപീകരിക്കുവാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു. വീടുകൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതു ആവശ്യങ്ങൾ എന്നിവയ്ക്കുള്ള ഫീസ് ഒഴിവാക്കുവാനും തീരുമാനിച്ചു. 5000 ചതുരശ്ര അടി വരെ

വാണിജ്യ കെട്ടിടങ്ങൾക്കും ഫീസില്ല. അതിനു മുകളിലുള്ളവയ്ക്ക് ന്യായവിലയുടെ 1% മുതൽ 2% വരെ ഫീസ് ഈടാക്കും.

വന്യജീവി ആക്രമണത്തിൽ മരിക്കുന്നവരുടെ കുടുംബങ്ങൾക്ക് വനംവകുപ്പിൽ നിന്നും ദുരന്തനിവാരണ നിധിയിൽ നിന്നുമായി ആകെ 14 ലക്ഷം രൂപ അനുവദിക്കുവാനും തീരുമാനമായി. പാമ്പ്, തേനീച്ച ആക്രമണങ്ങളിൽ മരിക്കുന്നവർക്ക് 10 ലക്ഷം രൂപ ലഭിക്കും.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ അനുബന്ധ വികസനത്തിനായി 230 ഏക്കർ ഭൂമി ഏറ്റെടുക്കും. കോട്ടുകാൽ, മാറനല്ലൂർ, അമരവിള പ്രദേശങ്ങളിൽ നിന്നായി ഏകദേശം 810 കോടി രൂപ ചെലവഴിച്ചാണ് ഭൂമി ഏറ്റെടുക്കുന്നത്. ഇതിൽ പോർട്ട്-ലെഡ് വ്യവസായവൽക്കരണ പദ്ധതികൾ നടപ്പിലാക്കും.

മുൻ ഇന്ത്യൻ ഫുട്ബോൾ താരങ്ങളായ എൻ.പി. പ്രദീപ്, റിനോ ആന്റോ, അനസ് എടത്തൊടിക എന്നിവരെ ഗവൺമെന്റ് സർവീസിൽ നിയമിക്കുവാനും മന്ത്രിസഭാ യോഗം തീരുമാനിച്ചു.

മുണ്ടക്കൈ  ടൗൺഷിപ്പിൽ താമസിക്കുന്നവർക്ക് സാധന സാമഗ്രികൾ വാങ്ങാൻ ഒരു ലക്ഷം രൂപ വീതം അനുവദിച്ചു. തിരുവനന്തപുരം വിമാനത്താവള വികസനത്തിന് 19.76 ഏക്കർ ഭൂമി കൈമാറും. ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ വസതിയായ 'സദ്ഗമയ' ഏറ്റെടുത്ത് അദ്ദേഹത്തിന്റെ സ്മരണാർഥം ലോ ആൻഡ് ജസ്റ്റിസ് ഗവേഷണ കേന്ദ്രം ആരംഭിക്കുവാനും മന്ത്രിസഭാ യോഗത്തിൽ തീരുമാനമായി.

✪✪✪

കേരള സംസ്ഥാന ചലച്ചിത്ര നയത്തിന് മന്ത്രിസഭാ യോഗം അംഗീകാരം നൽകി. 92 ശുപാർശകളും നിർദ്ദേശങ്ങളും അടക്കം വിപുലമായ സംസ്ഥാന ചലചിത്ര നയത്തിനാണ് ഗവൺമെന്റ് അംഗീകാരം നൽകിയത്.

✪✪✪

നടപ്പ് സാമ്പത്തിക വർഷത്തെ രണ്ടാം ഗഡു അനുബന്ധ ധനസമാഹരണ ആവശ്യങ്ങൾക്ക് ലോക്സഭ അംഗീകാരം നൽകി. വളം, ഭക്ഷ്യ സബ്സിഡികൾ, പ്രതിരോധ സേവനങ്ങൾ എന്നിവയ്ക്കായുള്ള അധിക ചെലവുകൾക്കായാണ് പ്രധാനമായും തുക നീക്കിവെച്ചിരിക്കുന്നത്.

പ്രതിരോധ സേവനങ്ങളുടെ നവീകരണത്തിനായി 41,430 കോടി രൂപയും വിമുക്തഭടന്മാരുടെ ആരോഗ്യ പദ്ധതിക്കായി 6,140 കോടി രൂപയും

അധികമായി നീക്കിവെച്ചതായി ധനമന്ത്രി നിർമലാ സീതാരാമൻ അറിയിച്ചു.

✪✪✪

ഇന്ത്യ നിക്ഷേപങ്ങൾക്കും നിർമ്മാണത്തിനും ആഗോള വിപണികൾ പിടിച്ചെടുക്കുന്നതിനും ആകർഷകമായ കേന്ദ്രമായി മാറിക്കൊണ്ടിരിക്കുകയാണെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. ഡൽഹിയിൽ എൻ എക്സ് ടി സമ്മിറ്റ് 2026ൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

പ്രസാർ ഭാരതിയുടെ കീഴിലെ ഉള്ളടക്കങ്ങളുടെ പകർപ്പവകാശം സംരക്ഷിക്കുന്നതിനും ഡിജിറ്റൽ സ്രഷ്ടാക്കളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി വിപുലമായ പദ്ധതികൾ നടപ്പിലാക്കുന്നതായി കേന്ദ്ര സഹമന്ത്രി ഡോ. എൽ മുരുകൻ രാജ്യസഭയിൽ അറിയിച്ചു. പ്രസാർ ഭാരതി നിർമ്മിക്കുന്ന ഉള്ളടക്കങ്ങളുടെ പൂർണ്ണമായ പകർപ്പവകാശം സ്ഥാപനത്തിൽ തന്നെ നിക്ഷിപ്തമാണെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു.

✪✪✪

മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെ നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് തൃണമൂൽ കോൺഗ്രസ് ഉൾപ്പെടെ പ്രതിപക്ഷ എം പിമാർ പാർലമെന്റിന്റെ ഇരുസഭകളിലും നോട്ടീസ് നൽകി. ലോക്സഭയിലെയും രാജ്യസഭയിലെയും സെക്രട്ടേറിയറ്റുകൾ നോട്ടീസുകളുടെ സാങ്കേതിക വശങ്ങൾ പരിശോധിക്കുമെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു.

✪✪✪

പശ്ചിമേഷ്യയിൽ തുടരുന്ന സംഘർഷത്തിനിടെ ഒമാനിലെ സോഹാറിലുണ്ടായ ആക്രമണത്തിൽ രണ്ട് ഇന്ത്യൻ പൗരന്മാർ കൊല്ലപ്പെട്ടതിൽ വിദേശകാര്യ മന്ത്രാലയം അനുശോചനം രേഖപ്പെടുത്തി. ആക്രമണത്തിൽ പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കട്ടെ എന്നും മന്ത്രാലയം സാമൂഹ്യ മാധ്യമ കുറിപ്പിൽ ആശംസിച്ചു.

✪✪✪

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ സാഹചര്യങ്ങൾക്കിടയിൽ, ഹോർമുസ് കടലിടുക്കിലൂടെ ഇന്ത്യൻ കപ്പലുകളുടെ സുരക്ഷിതമായ യാത്രക്ക് ഉടൻ വഴിതെളിയുമെന്ന് സൂചന. ഇന്ത്യയിലെ ഇറാൻ അംബാസഡർ മുഹമ്മദ് ഫതാലിയാണ് ഇക്കാര്യം വ്യക്തമാക്കിയത്.

ഇന്ത്യ ഇറാന്റെ ഉറ്റ സുഹൃത്താണെന്ന് ന്യൂഡൽഹിയിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കവെ അദ്ദേഹം വ്യക്തമാക്കി.

✪✪✪

പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാലത്തിൽ ഖത്തറിൽ നിന്ന് 500 ഇന്ത്യക്കാർ കൂടി ഖത്തർ എയർവേസ് വിമാനത്തിൽ നാട്ടിലേക്ക് മടങ്ങിയതായി ദോഹയിലെ ഇന്ത്യൻ എംബസി അറിയിച്ചു.

ഇന്ന് മുംബൈയിലേക്ക് ഖത്തർ എയർവേസ് ഒരു സർവീസ് നടത്തുമെന്നും ഇന്ത്യൻ എംബസി വ്യക്തമാക്കി.

✪✪✪

ന്യൂഡൽഹിയിൽ മൂന്നു ദിവസമായി നടന്നുവന്ന കാർഷിക-ഭക്ഷ്യ മേഖലയിലെ വനിതകളുടെ ആഗോള സമ്മേളനം ഇന്ന് സമാപിക്കും. "പുരോഗതിയിലേക്ക് നയിക്കുക, പുതിയ ഉയരങ്ങൾ കൈവരിക്കുക" എന്നതായിരുന്നു ഈ സമ്മേളനത്തിന്റെ പ്രമേയം.

✪✪✪

സംസ്ഥാനത്ത് തെരഞ്ഞെടുപ്പിനു മുൻപുള്ള അന്തിമ സംയോജിത വോട്ടർ പട്ടിക, നാമനിർദ്ദേശ പത്രികാ സമർപ്പണത്തിന്റെ അവസാന ദിനത്തോടടുത്ത് പുറത്തിറക്കുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ U കേൽക്കർ അറിയിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി.

...............(വോയ്സ്)............

✪✪✪

സംസ്ഥാനത്ത് പകൽ താപനില ഉയരുന്നു. ഇന്നലെ കണ്ണൂരിൽ 38.2 ഡിഗ്രി സെൽഷ്യസ് വരെയും വെള്ളാനിക്കരയിൽ 37 ഡിഗ്രി വരെയും കൊച്ചി സിയാലിൽ  ഉയർന്ന താപനില രേഖപ്പെടുത്തി. മറ്റു പ്രധാന

സ്ഥലങ്ങളിലെല്ലാം 32 ഡിഗ്രിക്ക് മുകളിലാണ് താപനില. വിവിധയിടങ്ങളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കണ്ണൂർ ജില്ലയിലെ വിവിധ പരിപാടികളിൽ പങ്കെടുക്കും. രാവിലെ 10.30-ന് മാലൂർ സ്കൂൾ കെട്ടിടോദ്ഘാടനം നിർവഹിക്കുന്ന മുഖ്യമന്ത്രി തുടർന്ന് ഇരിവേരി കമ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിടം ഉദ്ഘാടനം ചെയ്യും.

തുടർന്ന് പിണറായി ആയുർവേദ ആശുപത്രി കെട്ടിടോദ്ഘാടനവും മുഖ്യമന്ത്രി നിർവഹിക്കും.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ് ഈസ്റ്റ് ബംഗാളിനെ നേരിടും. വൈകീട്ട് അഞ്ചിന് കൊൽക്കത്തയിലാണ് മൽസരം.

മറ്റൊരു മൽസരത്തിൽ ബാംഗ്ലൂരു FC മോഹൻ ബഗാനെ നേരിടും. രാത്രി 7.30 ന് ബാംഗ്ലൂരിലാണ് മൽസരം.

✪✪✪

ഹൈദരാബാദിൽ FIH ഹോക്കി ലോകകപ്പ് ക്വാളിഫയർ സെമി ഫൈനലിൽ ഇറ്റലിയെ പരാജയപ്പെടുത്തി ഇന്ത്യൻ വനിതാ ടീം 2026 ലോകകപ്പിന് യോഗ്യത നേടി. ജി എം സി ബാലയോഗി സ്റ്റേഡിയത്തിൽ നടന്ന ആവേശകരമായ പോരാട്ടത്തിൽ ഏകപക്ഷീയമായ ഒരു ഗോളിനാണ് ഇന്ത്യ വിജയിച്ചത്.

ഇന്ന് രാത്രി 7:30-ന് ഫൈനലിൽ ഇന്ത്യ ഇംഗ്ലണ്ടിനെ നേരിടും.

✪✪✪

ശിക്ഷാ കാലാവധി കഴിഞ്ഞ് ജയിലിൽ നിന്ന് പുറത്തിറങ്ങുന്ന അന്തേവാസികൾക്ക് വൃക്ഷത്തൈകൾ നൽകുന്ന 'മനം ഹരിതാഭം' പദ്ധതിക്ക് കണ്ണൂർ സെൻട്രൽ ജയിലിൽ തുടക്കമായി.

കണ്ണൂരിൽ നിന്ന് ആകാശവാണി പ്രതിനിധി K.O ശശിധരൻ.

..........(വോയ്സ്)..........

✪✪✪

മീനമാസ പൂജയ്ക്കായി ശബരിമല ക്ഷേത്ര നട ഇന്ന് വൈകിട്ട് അഞ്ചിനു തുറക്കും. ഇന്ന് പൂജകൾ ഉണ്ടാവില്ല. ഈ മാസം 19 വരെ നീളുന്ന മാസ പൂജകൾക്കു ശേഷം അടയ്ക്കുന്ന നട പൈങ്കുനി ഉത്രം ഉത്സവത്തിനായി 22ന് വൈകിട്ട് വീണ്ടും തുറക്കും.

✪✪✪

കടലുണ്ടിയിൽ റെയിൽവേ മേൽപ്പാലം നിർമാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കാൻ 10 കോടി രൂപയുടെ ഭരണാനുമതിയായി. പൊതുമരാമത്ത് പാലം വിഭാഗത്തിനാണ് ഫണ്ട് അനുവദിച്ചത്.

✪✪✪

കോരപ്പുഴയിലെ ഡ്രഡ്ജിങ്ങുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർത്തിവെക്കാൻ മന്ത്രി A.K ശശീന്ദ്രൻ നിർദേശം നൽകി. ജില്ലാ കലക്ടറുടെ ചേംബറിൽ ചേർന്ന യോഗത്തിലാണ് ഉദ്യോഗസ്ഥർക്കും കരാറുകാരനും പ്രവൃത്തി നിർത്തിവെക്കാൻ നിർദേശം നൽകിയത്.

കോരപ്പുഴ മുതൽ അഴിമുഖം വരെ അടിഞ്ഞുകൂടിയ എക്കൽ, മണൽ എന്നിവ നീക്കംചെയ്ത് കോരപ്പുഴയുടെ ആഴം കൂട്ടുന്ന ഡ്രഡ്ജിങ് 2022 ലാണ് ആരംഭിച്ചത്.

✪✪✪

---

News Editor: ശ്രുതി എം, News Reader: സയ്യിദ് അലി ശിഹാബ്, News team: മണികണ്ഠൻ, DEO: ഷീബ